**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **11-02-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കുമോ; | (എ) | തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനത്തെ പഞ്ചായത്തുകൾ<br>1. കണ്ണൂർ ജില്ലയിലെ അഴിക്കോട് ഗ്രാമപഞ്ചായത്ത്<br>2. ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് |
| (ബി) | ആലപ്പുഴ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കുമോ; | (ബി) | ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി അംഗീകാരം 2023-24 ൽ ലഭിച്ചിരുന്നുവെങ്കിലും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല.<br>ആലപ്പുഴ ജില്ലയിൽ പുന്നപ്ര തെക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന തീരമേഖലയിലെ കാറ്റാടി മരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് (സാധാ). നം. 477/2023/ടൂറിസം തീയതി 16.09.2023 മുഖേന 41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br>ഈ പദ്ധതി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാറ്റാടി മരത്തോപ്പ് കടൽ ഭിത്തിക്ക് പടിഞ്ഞാറ് ഭാഗത്തായതിനാൽ ഇവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് Kerala Coastal Zone Management Authority (KCZMA) യുടെ Coastal Regulation Zone ക്ലിയറൻസ് അനിവാര്യമാണ്, ആയത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. . KCZMA ഓഫീസിൽ നിന്ന് അറിയിച്ച പ്രകാരം റവന്യൂ, KSEB, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വിഭാഗങ്ങളിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിയ്ക്കായി |

| | | | |
|---|---|---|---|
| | | | ഇക്കോ ടൂറിസം ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും, തുക നിക്ഷേപിക്കുന്നതിനായി ആലപ്പുഴ ജില്ലാ ട്രഷറിയിൽ പ്രത്യേകമായി PSTSB അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിനിർവ്വഹണത്തിനുള്ള ഫണ്ട് വിനോദ സഞ്ചാര വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.<br><br>പ്രസ്തുത തീരദേശ ഇക്കോടൂറിസം പദ്ധതി പൂർത്തീകരിക്കുന്ന തിനായി ടൂറിസം വകുപ്പിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഒരു വർഷ കാലാവധി 15.09.2024 ഇൽ അവസാനിച്ചിട്ടുള്ളതാണ്. മേൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഖിപ്പിച്ച നൽകുന്നതിന് ഇക്കോ ടൂറിസം ഡയറക്ടറുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ഇക്കോ ടൂറിസം പദ്ധതി നടത്തിപ്പിലെ ഇതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ തീരദേശ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി അംഗീകാരം 2023-24 ൽ ലഭിച്ചിരുന്നുവെങ്കിലും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല.<br><br>ആലപ്പുഴ ജില്ലയിൽ പുന്നപ്ര തെക്ക് പഞ്ചായത്ത് ഉൾപ്പെടുന്ന തീരമേഖലയിലെ കാറ്റാടി മരത്തോപ്പിൽ പരിസ്ഥിതി പഠന പരിപാടി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയ്ക്കായി സർക്കാർ ഉത്തരവ് (സാധാ). നം. 477/2023/ടൂറിസം തീയതി 16.09.2023 മുഖേന 41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.<br><br>ഈ പദ്ധതി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാറ്റാടി മരത്തോപ്പ് കടൽ ഭിത്തിക്ക് പടിഞ്ഞാറ് ഭാഗത്തായതിനാൽ ഇവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് Kerala Coastal Zone Management Authority (KCZMA) യുടെ Coastal Regulation Zone ക്ലിയറൻസ് അനിവാര്യമാണ്, ആയത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. . KCZMA ഓഫീസിൽ നിന്ന് അറിയിച്ച പ്രകാരം റവന്യൂ, KSEB, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വിഭാഗങ്ങളിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചിരുന്നതിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിയ്ക്കായി ഇക്കോ ടൂറിസം ഡയറക്ടറുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും, തുക നിക്ഷേപിക്കുന്നതിനായി ആലപ്പുഴ ജില്ലാ ട്രഷറിയിൽ പ്രത്യേകമായി PSTSB അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ |

| | | | |
|---|---|---|---|
| | | | പദ്ധതിനിർവ്വഹണത്തിനുള്ള ഫണ്ട് വിനോദ സഞ്ചാര വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.<br><br>പ്രസ്തുത തീരദേശ ഇക്കോട്ടൂറിസം പദ്ധതി പൂർത്തീകരിക്കുന്ന തിനായി ടൂറിസം വകുപ്പിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന ഒരു വർഷ കാലാവധി 15.09.2024 ഇൽ അവസാനിച്ചിട്ടുള്ളതാണ്. മേൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് ഇക്കോ ടൂറിസം ഡയറക്ടറുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ